സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾക്ക് അനുമതി ലഭിക്കുന്നതുവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്ഹോക്ക് ഒഴിവിൽ നിയമനം നടത്തേണ്ടതുണ്ട്. അംഗീകൃത തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്ന് മാത്രമേ നിയമനം നടത്തുന്നുള്ളൂ.

(ഇ) ബിവറേജസ് കോർപ്പറേഷനിലെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ട് പരിഗണിച്ചു വരുന്നു.

ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിലുണ്ടായ കുറവ്

90 (95) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതിനുശേഷം എക്സൈസ് വരുമാനത്തിൽ ലൈസൻസ് ഫീസ്, മറ്റിനങ്ങൾ എന്നിവയിൽ 89.85 കോടി രൂപയുടെ കുറവു വന്നിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കണക്കുകൾ പ്രകാരം ബാറുകൾ നിർത്തലാക്കിയതിനുശേഷം ഡ്യൂട്ടി ഇനത്തിൽ 37.69 കോടി രൂപയുടെയും ഗാലനേജ് ഫീസ് ഇനത്തിൽ 94.44 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്.

സർക്കാർ നൽകിയ ബാർ ലൈസൻസുകൾ

91 (96) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ ഓരോ വർഷവും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും നൽകിയ ബിയർ/വൈൻ ലൈസൻസുകൾ എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) 2011, 2012, 2013, 2014 എന്നീ ഓരോ സാമ്പത്തിക വർഷത്തിലും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും പുതുക്കി നൽകിയിരുന്ന ബിയർ/വൈൻ പാർലറുകൾ എത്ര ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട ഏത്ര ബാറുകൾ സർക്കാർ ലൈസൻസോടുകൂടി പ്രവർത്തിച്ച് വരുന്നുണ്ട് ; ബിയർ/വൈൻ ലൈസൻസുകൾ എത്ര;

(ഡി) ബാർ ലൈസൻസ് പുതുക്കി നല്കാതിരുന്ന എത്ര ഹോട്ടലുകൾക്ക് ബിയർ/ വൈൻ ലൈസൻസ് നല്കിയിട്ടുണ്ട്;വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ നാളിതുവരെ ഓരോ വർഷവും നൽകിയ ബാർ ലൈസൻസുകളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇതു കൂടാതെ 2014-15 വർഷത്തിൽ ലൈസൻസ് പുതുക്കി നൽകാതിരുന്ന 420 ബാർ ഹോട്ടലുകളിൽ 374 ഹോട്ടലുകൾക്ക് ബിയർ/വൈൻ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷത്തിലും പുതുക്കി നൽകിയിട്ടുള്ള ബാർ ഹോട്ടലുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ സംസ്ഥാനത്ത് 324 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

സ്റ്റാർ പദവി ഇല്ലാത്തത്	-	8
ക്ലാസിഫൈഡ്	-	4
2 സ്റ്റാർ	-	16
3 സ്റ്റാർ	-	230
4 സ്റ്റാർ	-	33
5 സ്റ്റാർ	-	25
ഹെറിറ്റേജ്	-	8
ആകെ	-	324
ബിയർ/വൈൻ പാർലർ	-	478

(ലൈസൻസ് പുതുക്കി നൽകാതിരുന്ന 420 ബാർ ഹോട്ടലുകളിൽ 374 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകിയതുകൂടി ഉൾപ്പെടെ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാർ ലൈസൻസ് പുതുക്കി നൽകാതിരുന്ന 374 ഹോട്ടലുകൾക്ക് ബിയർ/വൈൻ ലൈസൻസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	45
കൊല്ലം	-	28
പത്തനംതിട്ട	-	15
ആലപ്പുഴ	-	14
കോട്ടയം	-	50
ഇടുക്കി	-	19
എറണാകുളം	-	84
തൃശ്ശൂർ	-	64
പാലക്കാട്	-	13
മലപ്പുറം	-	13
കോഴിക്കോട്	-	5
വയനാട്	-	9
കണ്ണൂർ	-	12
കാസർഗോഡ്	-	3
ആകെ	-	374

സമ്പൂർണ്ണ മദ്യനിരോധനം-സ്വീകരിച്ച നടപടികൾ

92 (97)ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. സദാശിവൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അധികാരം ഏറ്റെടുത്തത് മുതൽ അതിനനുകൂലമായ അബ്കാരി നയം ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ പുതുതായും പുതുക്കിയും നൽകിയ ബാർ ലൈസൻസുകൾ എത്രയായിരുന്നു; ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ ഒടുവിൽ പ്രഖ്യാപിച്ച നയം പ്രാവർത്തികമാക്കുവാൻ നടപടികൾ ഉണ്ടാകുമോ; പ്രഖ്യാപനവും നടപടികളും തമ്മിലുള്ള പൊരുത്തക്കേടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; നയവും നടപടികളും അപ്രായോഗികമായിരുന്നു എന്ന കാര്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly